(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തമിഴ്നാട്, കർണ്ണാടക മുതലായ സംസ്ഥാനങ്ങളിലെ വിവിധ MACT കോടതികളിലായി 4 ബസ്സുകൾ ജപ്തി ചെയ്തിട്ടുണ്ട്. തമിഴ്നാട്ടിലെ തെങ്കാശി കോടതിയുടെ ഉത്തരവിന്മേൽ 2 കേസുകളിലായി പുനലൂർ ഡിപ്പോയിലെ ഒരു ബസ്സും ബാംഗ്ലൂർ MACT കോടതിയുടെ ഉത്തരവിന്മേൽ 1 ബസ്സും നാഗർകോവിൽ MACT കോടതിയുടെ ഉത്തരവിന്മേൽ 1 ബസ്സും ജപ്തി ചെയ്യപ്പെട്ടിട്ടുണ്ട്. നിലവിൽ ഒരു ബസ്സും ജപ്തി ചെയ്യപ്പെട്ട് കിടപ്പില്ല.

(സി) നഷ്ടപരിഹാര കേസുകളിൽ കെ. എസ്. ആർ. ടി. സി. 42 കോടിയോളം രൂപ വിവിധ കോടതികളിൽ കെട്ടിവയ്ക്കാനുണ്ട്.

(ഡി) കെ. എസ്. ആർ. ടി. സി. യുടെ 2511 ബസ്സുകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉണ്ട്. അവയിൽ 1753 ബസ്സുകൾക്ക് തേർഡ് പാർട്ടി ഇൻഷ്വറൻസും 758 ബസ്സുകൾക്ക് കോംപ്രിഹെൻസീവ് ഇൻഷ്വറൻസും നിലവിലുണ്ട്.

ദിവസവേതനത്തിന് ജോലി ചെയ്തുവരുന്ന കണ്ടക്ടർമാരെ സ്ഥിരപ്പെടുത്താൻ നടപടി

254 (4043) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. സെലക്ടഡ് ലിസ്റ്റിൽ നിന്ന് കെ.എസ്.ആർ.ടി.സി. യിൽ കണ്ടക്ടർമാരായി നിയമനം ലഭിച്ചവർ വർഷങ്ങളായി ദിവസ വേതനത്തിന് ജോലി ചെയ്തു വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര പേർ ഈ വിധം ജോലി ചെയ്തു വരുന്നുണ്ട് ; എത്ര വർഷമായി ജോലി ചെയ്യുന്നു ;

(സി) ഇവരെ സ്ഥിരപ്പെടുത്തണമെന്ന് കോടതി നിർദ്ദേശമുണ്ടോ ; എങ്കിൽ എന്നാണ് ഉത്തരവുണ്ടായത് ;

(ഡി) എങ്കിൽ ഉത്തരവ് നടപ്പാക്കാതെ നിയമനകാര്യം നീട്ടിക്കൊണ്ടു പോകുന്നതിന്റെ കാരണമെന്ത് ;

(ഇ) വിധിയിലെ അവ്യക്തതയാണോ ; എങ്കിൽ അക്കാര്യം കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തുമോ ;

(എഫ്) ഇല്ലെങ്കിൽ സമയബന്ധിതമായി ഇവരെ ജോലിയിൽ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി-എഫ്) നിലവിലുള്ള കണക്കുകൾ പ്രകാരം 6 വർഷമായി ജോലി ചെയ്തുവരുന്ന 930 പേർ ഇപ്രകാരമുണ്ട്. ഇത്തരക്കാരുടെ വിഷയം പരിശോധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

നിയമാനുസൃതമായി തീരുമാനം കൈക്കൊള്ളണമെന്ന് സർക്കാരിനോട് ബഹുമാനപ്പെട്ട ഹൈക്കോടതി 3-6-2010-ൽ 8325/09 എന്ന WP (C) - യിന്മേൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചുവരുന്നു.

കെ. എസ്. ആർ. ടി. സി. പ്രതിമാസം നൽകുന്ന പെൻഷൻ തുക

255 (4044) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. പെൻഷൻ ഇനത്തിൽ പ്രതിമാസം എത്ര പേർക്ക് എത്ര രൂപ വീതം നൽകുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പെൻഷൻ വിതരണം ചെയ്യാനുള്ള തുക കണ്ടെത്തുന്നത് എവിടെ നിന്നാണ് ;

(സി) അനുദിനം സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുന്ന കെ.എസ്. ആർ.ടി.സി. യെ രക്ഷിക്കാൻ പെൻഷൻ തുകയ്ക്കാവശ്യമായ പണം നൽകാൻ, സർക്കാർ തയ്യാറാകുമോ ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കെ. എസ്. ആർ. ടി. സി. യിൽ പ്രതിമാസം 35,560 പേർക്ക് പെൻഷൻ നൽകുന്നുണ്ട്. പ്രതിമാസം പെൻഷൻ അനുവദിക്കുന്നതിന് 22 കോടിയോളം രൂപ ചെലവാകുന്നുണ്ട്.

(ബി) കോർപ്പറേഷൻ പെൻഷൻ വിതരണം ചെയ്യുന്നതിന് പ്രത്യേക ഫണ്ട് സ്വരൂപിച്ചിട്ടില്ല. കോർപ്പറേഷന്റെ വരവിനേക്കാൾ ചെലവ് കൂടുതലായതിനാൽ ലോൺ എടുത്തും, കോർപ്പറേഷൻ ഫണ്ട് ഉപയോഗിച്ചുമാണ് പെൻഷൻ വിതരണം ചെയ്യുന്നത്.

(സി&ഡി) ഇപ്പോൾ പരിഗണനയിലില്ല.

കെ. എസ്. ആർ. ടി. സി. പെൻഷൻകാരുടെ പെൻഷൻ പരിഷ്ക്കരിക്കുന്നതിന് നടപടി

256 (4045) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. പെൻഷൻകാരുടെ പെൻഷൻ പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) പുതുക്കിയ പെൻഷൻ വിതരണം ആരംഭിച്ചിട്ടുണ്ടോ ;

(സി) പെൻഷൻ പരിഷ്കരണത്തിന്റെ കുടിശ്ശിക വിതരണം ചെയ്തിട്ടുണ്ടോ ;

(ഡി) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ വിതരണം സർക്കാർ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; പെൻഷൻ ഫണ്ട് രൂപീകരിക്കുന്നതിനായി തുക അനുവദിക്കുമോ ; വിശദവിവരം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly